# 11 കിലോ കഞ്ചാവുമായി പിടിയിൽ

**കൊല്ലങ്കോട്**

കാറിൽ കടത്തിയ 11 കിലോ കഞ്ചാവുമായി മലപ്പുറം സ്വദേശിയെ കൊല്ലങ്കോട് പൊലീസും പാലക്കാട് ലഹരിവിരുദ്ധ സ്ക്വാഡും ചേർന്ന് പിടികൂടി. മലപ്പുറം തിരൂരങ്ങാടി സ്വദേശി ഫൈസൽ(36)ആണ് മുതലമട റെയിൽവേ സ്റ്റേഷൻ പരിസരത്ത് അറസ്റ്റിലായത്.

മീൻ വളർത്തലിന്റെ മറവിൽ കൊല്ലങ്കോട് കാമ്പ്രത്ത് ചള്ളയിൽ താമസിച്ച് കഞ്ചാവ് വിൽപ്പന നടത്തിവന്ന പ്രതിയെ രഹസ്യവിവരം ലഭിച്ചതിനെ തുടർന്ന് ഡാൻസാഫ് സ്ക്വാഡ് നടത്തിയ റെയ്ഡിലാണ് പിടികൂടിയത്.

കഞ്ചാവിന് 10 ലക്ഷംരൂപ വിലവരും. പൊലീസ് മേധാവിയുടെ മേൽനോട്ടത്തിൽ ജില്ലാടിസ്ഥാനത്തിൽ രൂപീകരിച്ച ഡാൻസാഫ് സ്ക്വാഡിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന പ്രത്യേക ഓപ്പറേഷന്റെ ഭാഗമായാണ് പരിശോധിച്ചത്.

**ഫൈസൽ**

ജില്ല പൊലീസ് മേധാവി സുജിത്ദാസ്, ഐപിഎസിന്റെ നിർദേശത്തെ തുടർന്ന് നർകോട്ടിക് സെൽ ഡിവൈഎസ് പി സി ഡി ശ്രീനിവാസൻ, ആലത്തൂർ ഡിവൈഎസ്പി കെ എം ദേവസ്യ എന്നിവരുടെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിലാണ് കഞ്ചാവ് പിടികൂടിയത്. പ്രതിയെ കോവിഡ്പരിശോധനയ്ക്കുശേഷം കോടതിയിൽ ഹാജരാക്കും.

കൊല്ലങ്കോട് സബ്ബ് ഇൻസ്പെക്ടർ എം ആർ അജയൻ, എഎസ്ഐ മാരായ ഉണ്ണിമുഹമ്മദ്, എസ് ഗണേശൻ, ഷാജു, സിപിഒ ജിജോ, ഡാൻസാഫ് സ്ക്വാഡ് അംഗങ്ങളായ എഎസ്ഐ നസീറലി, റഹീംമുത്തു, ആർ കിഷോർ, എസ് ഷനോസ്, കെ സൂരജ് ബാബു, കെ ദിലീപ്, ആർ രാജീദ് എന്നിവരടങ്ങിയ സംഘമാണ് കഞ്ചാവ്കടത്ത് പിടികൂടിയത്.



**പിടിച്ചെടുത്ത കഞ്ചാവ്**